## 32

ദേവകുമാരാ! സർവ്വ പാപ വിദൂരാ! ജയിക്ക

1 കേശം വെളുത്തവനേ! ജ്വാലാഗ്നിലോചനനേ!
ഉച്ചക്കതിരവൻ പോലുജ്ജ്വലദാനനനേ

2 അങ്കിധരിച്ചു മാറിൽ പൊൻകച്ച കെട്ടിയോനേ
തങ്കവിളക്കുകൾക്കുൾ തങ്കുന്ന ധർമ്മജനേ-

3 ചുട്ടുപഴുത്തൊരോട്ടിൻ ത്വിട്ടിൻ മദമശേഷം
തട്ടിക്കളഞ്ഞപാദ ത്വിട്ടാർന്ന സദ്പദനേ-

4 കോടിജലത്ധരികാ പാതത്തിന്നൊത്ത വിധം
നീടാർന്നൊരൊച്ചയോടു കൂടും സനാതനനേ!-

5 മുറ്റും പ്രഭാവലയ മദ്ധ്യേ തിളങ്ങുമൊരു
നക്ഷത്രമാല കൈയിൽ ചാർത്തുന്ന നായകനേ

6 വായ്ത്തല രിനാലും ശത്രുക്കളെയരിഞ്ഞു
വീഴ്ത്തുന്ന ഖഡ്ഗമൊന്നു വായ്ക്കുള്ളിലേന്തിയൊരു-

7 ന്യായാസനസ്ഥ നിന്റെ കായപ്രദർശനത്താൽ
മായാവിമോഹമെല്ലാം ഭീയാർന്നു മിടുമേ

8 എക്ലീസിയയ്ക്കു പ്രേമവിഗ്രഹമായവനേ
മത്ക്ലേശമാകെ നീക്കി മുഖ്യാശിസ്സേകണമേ- **K.V.S**